**തിമിംഗല സ്രാവുകളുടെ സംരക്ഷണത്തിൽ സി. എം. എഫ്. ആർ. ഐ. യുടെ ശ്രമങ്ങൾ**

- ഇന്ത്യൻ സമുദ്രാതിർത്തിയിൽ, പ്രത്യേകിച്ച് ഗുജറാത്ത് തീരത്ത് തിമിംഗല സ്രാവുകൾ നേരിട്ട ഭീമമായ വേട്ടയെ തുടർന്ന് 1990 കളിൽ സി. എം. എഫ്. ആർ. ഐ. സംഘടിപ്പിച്ച ബോധവൽക്കരണത്തോടെ നമ്മുടെ രാജ്യത്തിൽ സ്രാവ് മത്സ്യബന്ധനത്തിന്റെ പരിപാലന നടപടികൾ ആരംഭിച്ചു.
- തിമിംഗല സ്രാവിനെ ഭാരതീയ വന്യജീവി സംരക്ഷണ നിയമം 1972 ഷെഡ്യൂൾ 1 ൽ ഉൾപ്പെടുത്തിയത് 2001 ൽ ആണ്.
- തുടർന്നുള്ള വർഷത്തിൽ, ഈ മത്സ്യത്തെ CITES അനുബന്ധം II–ലും ഉൾപ്പെടുത്തി.
- സി. എം. എഫ്. ആർ. ഐ. യുടെ ബോധവൽക്കരണത്തെത്തുടർന്ന് മത്സ്യ തൊഴിലാളികൾ തിമിംഗല സ്രാവുകളെ ജീവനോടെ തിരികെ വിട്ടയച്ചതായി സമീപ വർഷങ്ങളിൽ നിരവധി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.




**പ്രസിദ്ധീകരണം**

ഡോ. ഗ്രിൻസൺ ജോർജ്
ഡയറക്ടർ
ഐ.സി.എ.ആർ. – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
കൊച്ചി – 18, കേരളം

**തയ്യാറാക്കിയത്**

രമ്യ എൽ. ലിവി വിൽസൺ, നജ്മുദീൻ ടി. എം., സുജിത തോമസ്, ശോഭ ജോ കിഴക്കൂടൻ
ഫിൻഫിഷ് ഫിഷറീസ് വിഭാഗം
ഐ.സി.എ.ആർ. – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
കൊച്ചി – 18, കേരളം


ഡിസൈൻ: അഭിലാഷ് പി. ആർ.

സി. എം. എഫ്. ആർ. ഐ. പാംഫ്ലെറ്റ് സീരീസ് നം. 147/2024

സി. എം. എഫ്. ആർ. ഐ. പാംഫ്ലെറ്റ് സീരീസ് നം. 147/2024

# അന്താരാഷ്ട്ര തിമിംഗല സ്രാവ് ദിനം

**30 ആഗസ്റ്റ്**



ഭാരതീയ കാർഷിക ഗവേഷണ സമിതി
**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**
പോസ്റ്റ് ബോക്സ് നം.1603, എറണാകുളം നോർത്ത് പി.ഒ., കൊച്ചി 682 018,
കേരളം, ഭാരതം

# അന്താരാഷ്ട്ര തിമിംഗല സ്രാവ് ദിനം

**30 ആഗസ്റ്റ്**



**IUCN റെഡ് ലിസ്റ്റ്–വംശനാശഭീഷണി നേരിടുന്ന ജീവി**
**വന്യജീവി (സംരക്ഷണ) നിയമം 1972–ഷെഡ്യൂൾ I**
**CITES–അനുബന്ധം II**
**CMS–അനുബന്ധം I**

### തിമിംഗലസ്രാവിനെക്കുറിച്ചുള്ള വസ്തുതകൾ

- ലോകത്തിലെ ഏറ്റവും വലിയ മത്സ്യം
- സൗമ്യനായ ഒരു ഭീമമത്സ്യം
- നിരുപദ്രവകാരിയായ ഒരു പ്ലവകഭോജി
- പരമാവധി വലിപ്പം: 21 മീറ്റർ
- പരമാവധി ഭാരം: 42 ടൺ
- പരമാവധി പ്രായം: 80 വയസ്സ്
- പ്രത്യുൽപാദന വലിപ്പം: 5.9 മീറ്ററിന് മുകളിൽ
- പ്രത്യുൽപ്പാദനം: ഓവോവിവിപാരസ്
- പ്രത്യുൽപാദനക്ഷമത: പരമാവധി 300 കുഞ്ഞുങ്ങൾ
- കുഞ്ഞുങ്ങളുടെ അതിജീവന തോത്: 10%

### ഭീഷണികൾ

- തിമിംഗല സ്രാവുകൾ ബോട്ടുകളുമായി കൂട്ടിയിടിക്കുന്നു
- ലക്ഷ്യമിട്ടുള്ള വേട്ടയാടൽ
- അബദ്ധത്തിൽ മത്സ്യബന്ധന ഉപകരണങ്ങളിൽ കുടുങ്ങുക
- തിമിംഗല സ്രാവ് ഉൽപ്പന്നങ്ങളുടെ അനധികൃത വ്യാപാരം
- വയറിനുള്ളിൽ കടന്നുകൂടുന്ന പ്ലാസ്റ്റിക്സ്

### തിമിംഗല സ്രാവുകളെ എങ്ങനെയൊക്കെ സംരക്ഷിക്കാം?

- 1972 ലെ വന്യജീവി (സംരക്ഷണ) നിയമം പാലിക്കുക
- കപ്പലിൽവച്ച് സ്രാവുകളുടെ ചിറക് അരിയുന്നത് നിർത്തുക
- സ്രാവിന്റെ ചിറക് വ്യാപാരം നിർത്തുക
- ഗർഭിണികളായ സ്രാവുകളെ തിരികെ കടലിലേക്ക് വിടുക
- സ്രാവിൻ കുഞ്ഞുങ്ങളെ കടലിലേക്ക് വിടുക
- ജീവനോടെ കരയിലെത്തിയതോ ആകസ്മികമായി വലയിൽ കുടുങ്ങിയതോ ആയ വലിയ തിമിംഗല സ്രാവുകളെ വിട്ടയക്കുക
- അവബോധം വ്യാപിപ്പിക്കുക

**സി. എം. എഫ്. ആർ. ഐ കണക്കുകൾ പ്രകാരം ഇന്ത്യയിൽ കരക്കടിഞ്ഞതും ആകസ്മികമായി വലയിൽ പെട്ടതും ആയ തിമിംഗല സ്രാവുകൾ**

